പാലക്കാട് മെഡിക്കൽ കോളേജ്

310(2779) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് മെഡിക്കൽ കോളേജിൽ ഏത് വർഷം മുതലാണ് എം.ബി.ബി.എസ്. കോഴ്സ് ആരംഭിച്ചത്;

(ബി) ഇവിടെ എം.ബി.ബി.എസിന് എത്ര സീറ്റുകളാണുള്ളത് ;

(സി) എം.ബി.ബി.എസിന് പുറമേ മറ്റേതൊക്കെ കോഴ്സുകളാണ് കോളേജിൽ നടത്തുന്നതെന്നും ഓരോന്നിലും എത്ര സീറ്റുകൾ വീതമാണുള്ളതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 1-9-2014 മുതലാണ് എം.ബി.ബി.എസ്. കോഴ്സ് ആരംഭിച്ചത്.

(ബി) എം.ബി.ബി.എസിന് 100 സീറ്റുകളാണുള്ളത്.

(സി) മറ്റ് കോഴ്സുകളൊന്നും ആരംഭിച്ചിട്ടില്ല.

വൈപ്പിൻ മണ്ഡലത്തിലെ ഞാറയ്ക്കൽ സീഷോർ കോളനിയിലെ പ്രവൃത്തികൾ

311(2780) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയം പര്യാപ്ത പട്ടികജാതി കോളനി പദ്ധതിയിൽ വൈപ്പിൻ മണ്ഡലത്തിലെ ഞാറയ്ക്കൽ സീഷോർ കോളനിയിലെ പ്രവൃത്തികൾക്ക് കാലതാമസമുണ്ടായത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ;

(സി) പദ്ധതി പുരോഗതി വിലയിരുത്തുന്നതിന് കഴിഞ്ഞ ഒരു വർഷക്കാലയളവിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

GPM. 2/242/2020-53

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ ഞാറയ്ക്കൽ സീഷോർ കോളനിയെ 2013-14 വർഷം സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ തെരഞ്ഞെടുത്തിരുന്നു. പദ്ധതി നടപ്പിലാക്കുന്നതിന് ഏജൻസിയായി ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിനെയാണ് ഏൽപ്പിച്ചിരുന്നത്. എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുകയും കരാർ ഒപ്പിട്ട് ഒന്നാം ഗഡു തുകയായ 25 ലക്ഷം രൂപ ബന്ധപ്പെട്ട ഏജൻസിക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ചില സാങ്കേതിക പ്രശ്നങ്ങളാൽ നാളിതുവരെ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. ഉടൻ ആരംഭിക്കുന്നതാണെന്ന് ഏജൻസി അറിയിച്ചിട്ടുണ്ട്.

(ബി) പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിക്കും ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പദ്ധതി പുരോഗതി വിലയിരുത്തുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മോണിറ്ററിംഗ് കമ്മിറ്റി എല്ലാ മാസവും വിളിച്ചുചേർക്കുകയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഏജൻസി പ്രതിനിധികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും അവലോകനയോഗം ചേർന്ന് പുരോഗതി വിലയിരുത്തുന്നതിനും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

എരിമയൂർ, കഴൽമന്ദം സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

312(2781) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ആലത്തൂർ നിയോജക മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത എരിമയൂർ പഞ്ചായത്തിലെ കുണ്ടുകാട് കോളനി, കഴൽമന്ദം പഞ്ചായത്തിലെ പെരമ്പിലംകാട് കോളനി എന്നിവിടങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത നിർമ്മാണ / വികസന പുരോഗതി വ്യക്തമാക്കുമോ;

(സി) പ്രസ്തുത വികസന പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ?